**നം.ഇ.എക്സ്/സിജനറൽ1/38000/2017/സി.ജി.ഇ** **പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 23/10/2018.

**സെക്രട്ടറി,**
പരീക്ഷാഭവൻ.

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി പരീക്ഷ **മാർച്ച് 2018** - കേടുപാട് സംഭവിച്ച സർട്ടിഫിക്കറ്റുകൾ മാറ്റി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 20/07/2018-ലെ ഇതേ നമ്പർ സർക്കുലർ.

2018 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ച് വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളിൽ പ്രിന്റ് തെളിയാത്തതോ, സെക്രട്ടറിയുടെ ഒപ്പോ, സീലോ ഇല്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികളുടെ കൈവശം ഉണ്ടെങ്കിൽ അവ സ്കൂൾ അധികൃതർ ശേഖരിച്ച് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകുവാൻ സൂചന പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ചില വിദ്യാഭ്യാസ ജില്ലകളിൽ ഇത് സംബന്ധിച്ച് പ്രഥമാദ്ധ്യാപകർക്ക് വ്യക്തമായ നിർദ്ദേശം നൽകാതിരുന്നതിനാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ മാറ്റി കിട്ടുവാൻ പ്രത്യേക അപേക്ഷാ ഫോമും ഫീസും ആവശ്യപ്പെടുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ പ്രഥമാദ്ധ്യാപക കോൺഫറൻസിൽ ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകേണ്ടതും, ഏതെങ്കിലും വിദ്യാലയത്തിൽ മുകളിൽ വിവരിച്ച രീതിയിൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകൾ ഉണ്ടെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അത് സ്വീകരിക്കുകയും പരീക്ഷാഭവനിലേക്ക് ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് എത്തിച്ച് പുതിയ

സർട്ടിഫിക്കറ്റ് വിദ്യാലയങ്ങളിൽ എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ വിദ്യാലയങ്ങളിൽ ഉള്ളതായി റിപ്പോർട്ട് ചെയ്താൽ ആയവ ശേഖരിച്ച് പരീക്ഷാഭവനിൽ അടിയന്തരമായി എത്തിച്ച് പുതിയ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

സ്വീകർത്താവ്:-

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി)